# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)
സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749
**website: www.sksbvstate.com, Email: sksbvstate@gmail.com**

## ലോക പരിസ്ഥിതി സംരക്ഷണ കാമ്പയിൻ

### ഓൺലൈൻ പ്രസംഗ മത്സരം (ജൂൺ 10 – 15)

ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, വിഭാഗം വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണ പ്രമേയത്തിൽ സംസ്ഥാന തല പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു.

### ജനറൽ നിബന്ധനകൾ

◆സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്രസകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് മാത്രമാണ് മത്സരം
◆മത്സരം പൂർണമായും വാട്സാപ്പ് വഴിയായിരിക്കും.
◆അതാതു വിഭാഗങ്ങളിലെ മത്സരത്തിന്റെ വിഷയം മത്സര ദിവസം രാവിലെ 10 .00 മണിക്ക് പുറത്തു വിടുന്നതാണ്.
◆അന്നേ ദിവസം രാത്രി 10 .00 മണിക്ക് ഉള്ളിൽ മത്സരാർത്ഥികൾ റെക്കോർഡ് ചെയ്ത പ്രസംഗങ്ങൾ വാട്സാപ്പ് വഴി അയച്ചു തരേണ്ടതാണ്. അയക്കേണ്ട നമ്പർ : **9207000424**
◆പൂർണമായും സെൽഫി ക്യാമറയിൽ വിദ്യാർത്ഥികൾ സ്വയം റെക്കോർഡ് ചെയ്യുന്ന വീഡിയോ വേണം അയച്ചു നൽകാൻ . കട്ട് ചെയ്തതോ എഡിറ്റ് ചെയ്തതോ ആയ വിഡിയോകൾ അയക്കുവാൻ പാടുള്ളതല്ല.
◆വൃത്തിയുള്ളതും, അനാവശ്യ ശബ്ദങ്ങൾ ഇല്ലാത്തതും, നല്ല വെളിച്ചം ഉള്ളതുമായ ആയ സ്ഥലങ്ങളിൽ നിന്ന് വേണം റെക്കോർഡ് ചെയ്യാൻ.
◆ വിഷയം തയ്യാറാക്കുമ്പോൾ മാതാപിതാക്കൾക്കോ ഉസ്താദുമാർക്കോ സഹായിക്കാവുന്നതാണ്. എന്നാൽ പ്രസംഗം റെക്കോർഡ് ചെയ്യുന്ന സമയത്തു അവർക്കു പറഞ്ഞു കൊടുക്കുകയോ, എഴുതിയത് വായിക്കാൻ കൊടുക്കുകയോ ചെയ്യാതിരിക്കാൻ ശ്രമിക്കുക. അത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നു.
◆സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കലാമേള സർക്കുലർ പ്രകാരമായിരിക്കും മത്സരം വിധി നിർണയിക്കുന്നത്.

സാംസ്കാരിക വ്യക്തിത്വം (വേഷം 4, സലാം 4)
ഉള്ളടക്കം (ഭാഷാശുദ്ധി 5, വിഷയബന്ധം 5)
അവതരണം (ജ്ഞാനബോധം 15, ആശയപൂർണത 15)
ധാരാവാഹിത്വം (സഭാഭിമുഖശീലം 12, ഒഴുക്ക് 12)
ശൈലി (ആശയവ്യക്തത 6, ഉച്ചാരണ സ്ഫുടത 6, ശബ്ദനിയന്ത്രണം 6)
ഭാവഹാവം (മുഖഭാവം 5, അംഗവിക്ഷേപം 5)

◆SKSBV സംസ്ഥാന കമ്മിറ്റിയുടെ തീരുമാനം അന്തിമം ആയിരിക്കും .മത്സര നിയമാവലിയിൽ മാറ്റം വരുത്താൻ കമ്മിറ്റിക്കു അധികാരമുള്ളതായിരിക്കും.

PTO

**സമയക്രമം:**

മുഴുവൻ പ്രസംഗങ്ങളും നാലു മിനിറ്റിൽ കുറയാനോ അഞ്ചു മിനിറ്റിൽ കൂടാനോ പാടുള്ളതല്ല.

**1. സബ്ജൂനിയർ വിഭാഗം:-** III, IV ക്ലാസുകൾ
വിഷയം നൽകുന്ന സമയം: 10.06.2020, ബുധൻ രാവിലെ 10.00 മണിക്ക്
പ്രസംഗം അയച്ചു നൽകേണ്ട അവസാന സമയം: 10.06.2020, ബുധൻ രാത്രി 10.00 മണിക്ക്
വിധി പുറത്തു വിടുന്നത്: 11.06.2020, വ്യാഴം രാത്രി 8.00 മണിക്ക്

**2. ജൂനിയർ വിഭാഗം:-** V,VI ക്ലാസുകൾ
വിഷയം നൽകുന്ന സമയം: 12.06.2020, വെള്ളി രാവിലെ 10.00 മണിക്ക്
പ്രസംഗം അയച്ചു നൽകേണ്ട അവസാന സമയം: 12.06.2020, വെള്ളി രാത്രി 10.00 മണിക്ക്
വിധി പുറത്തു വിടുന്നത്: 13.06.2020, ശനി രാത്രി 8.00 മണിക്ക് .

**3. സീനിയർ വിഭാഗം:-** VII ,VIII ക്ലാസുകൾ
വിഷയം നൽകുന്ന സമയം: 14.06.2020, ഞായർ രാവിലെ 10.00 മണിക്ക്
പ്രസംഗം അയച്ചു നൽകേണ്ട അവസാന സമയം: 14.06.2020, ഞായർ രാത്രി 10.00 മണിക്ക്
വിധി പുറത്തു വിടുന്നത്: 15.06.2020, തിങ്കൾ രാത്രി 8.00 മണിക്ക്

◆വിഷയങ്ങൾ അതാതു ദിവസം സുന്നി ബാലവേദിയുടെ ഔദ്യോഗിക ഫേസ്ബുക് പേജിൽ അപ് ലോഡ് ചെയ്യുന്നതാണ്
◆ഓരോ വിഭാങ്ങളിലും ജഡ്ജസ് തിരഞ്ഞെടുക്കുന്ന അഞ്ചു പേർക്ക് പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഒപ്പം തിരഞ്ഞടുത്തവ സുന്നിബാലവേദിയുടെ ഔദ്യോഗിക ഫേസ്ബുക്, യൂട്യൂബ് ചാനലിൽ കൂടി പുറത്തു വിടുന്നതാണ്.

എന്ന്
ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി